**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 293** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് നടത്തിയ പരിശോധനയിൽ പ്രധാനമായും എന്തൊക്കെ വിവരങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) | ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെ ഭാഗമായി ശേഖരിച്ച വിവിധ ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകളിലെ Spices, spice products എന്നിവയിൽ FSSAI അനുവദിച്ചിട്ടുള്ള MRL നേക്കാൾ അധികമായി കീടനാശിനികൾ കണ്ടെത്തിയിട്ടുണ്ട്. Cake, pastries, Bread തുടങ്ങിയ Bakery products ൽ FSS (Food Product and Food additive) Regulation 2011 ൽ നിഷ്കർഷിച്ചിരിക്കുന്ന preservatives ന്റെ അനുവദനീയമായ അളവിൽ കൂടുതൽ preservatives ചേർത്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. Snacks, savories, cake എന്നിവയിൽ അനുവദനീയമായ അളവിൽ കൂടുതലായി കൃത്രിമ നിറങ്ങൾ ചേർത്തിട്ടുള്ളതായും അനുവദനീയമല്ലാത്ത കൃത്രിമ നിറങ്ങൾ ചേർത്തിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. Hotel, Restaurant, Manufacturing unit എന്നിവിടങ്ങളിൽ നടത്തിയിട്ടുള്ള പരിശോധനകളിൽ FSS (Licensing and Registration of Food Business) Regulation 2011 ലെ schedule IV മാനദണ്ഡങ്ങൾ പാലിക്കാത്തതായും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ക്രമാതീതമായ അളവിൽ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിരിക്കുന്ന കീടനാശിനിയിലെ ഘടകം ഏതാണെന്ന് വ്യക്തമാക്കാമോ; | (ബി) | Ethion, Carbofuran, Clothianidin, Disenconazole, Metalaxyl, Hexithiozo എന്നിവ. |
| (സി) | പനം ചക്കര, കരിമ്പ് ശർക്കര, കേക്ക്, ഏത്തക്ക ഉപ്പേരി, മുളകുപൊടി, കശ്മീരി മുളകുപൊടി, മല്ലിപ്പൊടി എന്നിവയിൽ കണ്ടെത്തിയ വിഷാംശങ്ങളെക്കുറിച്ചും കീടനാശിനികളെക്കുറിച്ചും വിശദമാക്കാമോ? | (സി) | മുളക് പൊടി, കാശ്മീരി മുളക് പൊടി, മല്ലിപ്പൊടി എന്നിവയിൽ Ethion, Carbofuran തുടങ്ങിയ കീടനാശിനികൾ കണ്ടെത്തിയിട്ടുണ്ട്. ശർക്കര പോലുള്ള ഭക്ഷ്യവസ്തുക്കളിൽ sunset yellow പോലുള്ള കൃത്രിമ നിറങ്ങൾ ചേർത്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കേക്ക് പോലുള്ള Bakery |

| | | | |
|---|---|---|---|
| | | | products FSS (food products and Food Additives) Regulation 2011ൽ അനുവദിച്ചിട്ടുള്ള preservatives, food colour എന്നിവ അനുവദനീയമായതിൽ കൂടുതൽ ചേർത്തിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ അനുവദനീയമല്ലാത്ത കൃത്രിമ നിറങ്ങളും ചേർത്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ